നമ്പർ ജി5- 001/2016

ഡയറക്ടറേറ്റ്ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്
തിരുവനന്തപുരം
തീയതി : 04-01-2016

## സർക്കുലർ - 01/2016

വിഷയം :- ജയിലുകൾ - ജയിലുകളിൽ തടവുകാരുമായുള്ള കൂടിക്കാഴ്ച നടത്തുന്നത്- സംബന്ധിച്ച്

തിരുവനന്തപുരം ജില്ലാ ജയിലിൽ 30-12-2015 തീയതിയിൽ തടവുകാരുമായി കൂടിക്കാഴ്ച നടത്തുന്നതിന് ജയിലിൽ വന്ന ഒരു സന്ദർശകൻ കൂടിക്കാഴ്ചയുടെ സമയത്ത് തടവുകാരനുമായുള്ള സംഭാഷണം ഇലക്ട്രോണിക് ഉപകരണം ഉപയോഗിച്ച് റെക്കോർഡ് ചെയ്യുന്നതായി വെൽഫെയർ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുകയും ടി സന്ദർശകനെതിരെ നിയമവിരുദ്ധ പ്രവർത്തനത്തിന് പോലീസ് കേസ്സ് ചാർജ്ജ് ചെയ്യുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു. അതുപോലെ നെട്ടുകാൽത്തേരി തുറന്ന ജയിലിൽ തടവുകാർ നിയമവിരുദ്ധമായി ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണുകൾ ഉദ്യോഗസ്ഥർ പരിശോധനയിൽ പിടിച്ചെടുക്കുകയും ചെയ്തിരുന്നു.

ജയിലിനുള്ളിൽ നിരോധിത വസ്തുക്കളുടെ ഉപയോഗവും തടവുകാരുടെ മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളും കർശനമായി തടയേണ്ടതുണ്ട്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിന് വേണ്ടി ഉദ്യോഗസ്ഥർ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ്. തടവുകാരുടെ ഇന്റർവ്യൂ നടത്തുന്ന അവസരത്തിൽ നിരോധിത വസ്തുക്കൾ കൈമാറുന്നത് തടയുന്നതിനും സംഭാഷണങ്ങളും ദൃശ്യങ്ങളും ഏതെങ്കിലും ഉപകരണങ്ങൾഉപയോഗിച്ച് റെക്കോർഡ് ചെയ്യുന്നതിനും തടയുന്നതിന് അതീവ ജാഗ്രത പുലർത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ജയിലുകളിൽ തടവുകാരുടെ ഇന്റർവ്യൂ വെൽഫെയർ ഓഫീസർമാർ നിയന്ത്രിക്കുന്ന

ജയിലുകളിൽ വെൽഫെയർ ഓഫീസറുടെ സാന്നിദ്ധ്യം കൂടാതെ ഒരു അസി. പ്രിസൺ ഓഫീസറേയോ ഡെപ്യൂട്ടി. പ്രിസൺ ഓഫീസറേയോ ഡ്യൂട്ടിയ്ക്ക് നിയോഗിക്കേ ണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു. കേരള ജയിൽ നിയമം 86 അനുസരിച്ച് ജയിലിൽ തടവുകാരെ കാണാൻ വരുന്ന സന്ദർശകർ കൊണ്ടുവരുന്ന മൊബൈൽ ഫോൺ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവ കൂടിക്കാഴ്ചയ്ക്ക് മുമ്പ് വാങ്ങി സൂക്ഷിക്കേണ്ടതും കൂടിക്കാഴ്ച കഴിഞ്ഞാൽ തിരികെ നൽകേണ്ടതുമാണ്. ടി കാര്യങ്ങൾ കർശനമായും നടപ്പിലാക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ് ന് വേണ്ടി

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ്.
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
ഉത്തര മേഖല/മദ്ധ്യ മേഖല/ദക്ഷിണ മേഖല

റ്റി.എസ്